# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടമ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.6/1398/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.6/1398/23 തീയ്യതി: 05/10/2023

## കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-08-2022 മുതൽ 14-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജിതേന്ദ്രൻ.എ.ആർ | ഡെപ്യൂട്ടി ഡയരക്ടർ | 16-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ,ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്,

ശ്രീ.ഗണേശൻ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ശ്രീജ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ധന്യ.എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രേമവല്ലി.പി.വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സവിത.എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ദിവ്യാരാജൻ.എം ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനില.കെ | അസിസ്ററന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.മനമോഹൻ | മെഡിക്കൽ ഓഫീസർ -പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.ദീപ.എ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ജൂന.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജലജ.സി.പി | വില്ലേജ് എക്ററൻഷൻ ഓഫീസർ(കാടാച്ചിറ) | 01-04-2022 | 31-03-2023 |
| ശ്രീ.റെനിൽ.പി | വില്ലേജ് എക്ററൻഷൻ ഓഫീസർ(കടമ്പൂർ) | 01-04-2022 | 31-03-2023 |
| ശ്രീമതി.രമ.കെ.ടി | കൃഷി ഓഫീസർ | 01-04-2022 | 15-11-2022 |
| ശ്രീമതി.അനശ്രീ.കെ.പി | കൃഷി ഓഫീസർ | 16-11-2022 | 31-03-2023 |
| ശ്രീ.രാജേഷ്.ടി.ആർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.അനശ്രീ.കെ. | ഡയറി എക്ററൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. | 1-1-1 |
| 3 | ബി-1 ഷെഡ്യൂളിന്റെ വിശദവിവരം ലഭ്യമാക്കിയില്ല | 1-1-2 |
| 4 | .ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കണക്കുകൾ കൃത്യമല്ല. | 1-1-3 |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അധികമായി ഈടാക്കിയ ഭവനവായ്പ തുക തിരികെ ലഭിക്കാനുള്ള ആസ്തിയായിബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | വിശദവിവരം ലഭ്യമാക്കിയിട്ടില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | പുതുക്കിയ ബജറ്റ് | 1-2-1 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ബാങ്ക് ചാർജ് ഇനത്തിൽ കിഴിവ് നടത്തിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-6-1 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധനാ സാക്ഷ്യപത്രം | 1-8 |
| 18 | അഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 19 | ഗ്രാമ സഭ | 1-10 |
| 20 | ആസ്തി സംരക്ഷണം | 1-11 |
| 21 | ടെണ്ടർ ഫാറം വില ഈടാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 22 | കൂട്ടിചേർക്കൽ വരുത്താൻ അനുമതി നൽകിയതും പെർമിറ്റ് കാലാവധിപൂർത്തിയായതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല | 1-13 |
| 23 | അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-14 |

| | | |
|---|---|---|
| 24 | പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 25 | അംഗൻവാടി പോഷകാഹാരവിതരണം- ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ₹411 അധികം നൽകി- തുക തിരികെ ഈടാക്കേണ്ടതാണ്. | 1-16 |
| 26 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ₹42658 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 27 | ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ-വാഹനം ലഭ്യമായില്ല.400000രൂപയുടെ ചെലവ് തുക തടസപ്പെടുത്തുന്നു. | 1-18 |
| 28 | തെരുവ് വിളക്കുകൾക്കു മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 29 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഫീസിനത്തിൽ തുക നല്കുമ്പോൾ ആദായനികുതി ഈടാക്കിയില്ല. | 1-20 |
| 30 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമായില്ല- ₹174456 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | സ്മാർട്ട് ഐ-ഫേസ്-ജില്ലപഞ്ചായത്തിന് തുക നൽകിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.177000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-22 |
| 32 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല | 1-23 |
| 33 | ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യത പാലിച്ചിട്ടില്ല | 1-24 |
| 34 | നടപടി ക്രമങ്ങൾ പാലിക്കാതെ പിഴ ഒഴിവാക്കി നൽകിയത് ക്രമവിരുദ്ധം | 1-25 |
| 35 | വാഹനവാടക -ആദായനികുതി ഈടാക്കി ഒടുക്കാത്തതും ഫണ്ട് ചെലവഴിച്ചതിലെ അപാകതയും | 1-26 |
| 36 | ലൈഫ് മിഷൻ ഫ്ലാറ്റിന് കുടിവെള്ള സൌകര്യം ലഭ്യമാക്കൽ- ഡെപ്പോസിറ്റ് വർക്കിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയത്-തിരികെ ലഭിക്കാനുള്ള 285926 രൂപ തടസപ്പെടുത്തുന്നു. | 1-27 |
| 37 | തനത് വരുമാനം- അവലോകനം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011 , കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ് , ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.07.2023 തീയതിയിലെ 1/304/23 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 14-07-2023, തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)സി &എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപന ങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി യിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ /മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കു ന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയി രുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായ ത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി , കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,<br>ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,<br>05.10.2023

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് , 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ബി-1 ഷെഡ്യൂളിന്റെ വിശദവിവരം ലഭ്യമാക്കിയില്ല

ബി1- പഞ്ചായത്ത് ഫണ്ട് -ജനറൽ ഫണ്ടിൽ രേഖപ്പെടുത്തിയ തുക സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-3 .ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കണക്കുകൾ കൃത്യമല്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-4 ധനകാര്യകമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബി 4 ഷെഡ്യൂളിൽ ടൈഡ് ,ബേസിക്ക് ഇനങ്ങളിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പ് തുകകൾ ബി-17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി-4 ഷെഡ്യൂൾ | ബി-17 ഷെഡ്യൂൾ |
|---|---|---|
| CFC Tied | 591074 | 734411 |
| CFC Basic | 141985 | |
| ആകെ | 733059 | 734411 |

## 1-1-5 അധികമായി ഈടാക്കിയ ഭവനവായ്പ തുക തിരികെ ലഭിക്കാനുള്ള ആസ്തിയായിബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ഭവന വായ്പ ഇല്ലാത്തിരിക്കെ ജി ഒ പ്രൊജക്ട് പ്രകാരം 41849 രൂപ സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ തുക തിരികെ കിട്ടാനുള്ള ആസ്തിയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

## 1-1-6 വിശദവിവരം ലഭ്യമാക്കിയിട്ടില്ല

1.ബി 9 ഷെഡ്യൂളിൽ Amount Payable To Other Creditors എന്ന ഇനത്തിൽ രേഖപ്പെടുത്തിയ 1169153 രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.
2.ബി-9 ഷെഡ്യൂളിൽ വാറ്റ് നികുതി ഇനത്തിൽ 255 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.നിലവിൽ പ്രാബല്യത്തിലില്ലാത്ത നികുതി സമയബന്ധിതമായി ഒടുക്കാതെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

3.ആസ്തി സംബന്ധിച്ച ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

4.ഐ18, ഐ19 ഷെഡ്യൂളുകളിൽ പ്രയർ പിരിയഡ് ഇൻകം, പ്രയർ പിരിയഡ് എക്സ്പെന്റിച്ചർ ഇനങ്ങളിൽ രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
5.വസ്തുനികുതി- – ബാലൻസ് തുക സഞ്ചയ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ നിന്നുള്ള ഡി സി ബി പത്രികയിലെ ബാലൻസും (37945) വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസും (39844) തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല

## 1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ബി-11 ഷെഡ്യൂളിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

കടമ്പൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 26-3-2022ലെ 2/126/22(1) നമ്പർ യോഗ തീരുമാന പ്രകാരം അംഗീകരിച്ച 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുൻബാക്കി | 2083249 |
| വരവ് | 121106969 |
| ആകെ | 123190218 |
| ചെലവ് | 122105839 |
| നീക്കിയിരിപ്പ് | 1084379 |

## 1-2-1 പുതുക്കിയ ബജറ്റ്

| പുതുക്കിയ ബജറ്റ് | |
|---|---|
| മുൻബാക്കി | 3005670 |
| വരവ് | 111880048 |
| ആകെ വരവ് | 114885718 |
| ചെലവ് | 111762933 |
| നീക്കിയിരിപ്പ് | 3122785 |

14-3-2023 ലെ 2/117/2023(1)തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 6688002 |
| വരവ് തുക | 29943932 |
| ആകെ | 36631934 |
| ചെലവ് തുക | 27271859 |
| നീക്കിയിരിപ്പ് | 9360075 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1080040 |

വികസന ഫണ്ട് ജനറൽ, എസ് സി പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ട്രഷറി വരവ്, ടൈഡ്, അൺടൈഡ്, സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് & പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ വിവരങ്ങൾ ഉൾപ്പെടാത്താത്തതിനാൽ വരവും ചെലവും ഭാഗികമാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 11437007 | 11437007 | 11437007 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 648000 | 648000 | 648000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 5670000 | 5670000 | 5670000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 4571000 | 4571000 | 4512562 | 58438 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (എ.സി.ആർ പ്രകാരം) | 275537 | 2984000 | 3259537 | 2668463 | 591074 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | (1860) | 3239885 | 3238025 | 3096040* | 141985 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 232 | 14967278 | 14967510 | 14963607 | 3903 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് (അന്ന പൂരക പോഷകാഹാരം | 503024 | 732088 | 1235112 | 433876 | 801236 |
| സാക്ഷരത | 1448 | 576 | 2024 | 0 | 2024 |
| ശുചിത്വ മിഷൻ | 0 | 898115 | 898115 | 898115 | 0 |
| ആശ്രയ | 16735 | | 16735 | 0 | 16735 |
| വിമുക്തി | 37000 | 0 | 37000 | 0 | 37000 |
| ബ്ലോക്ക് പഞ്ചായത്ത് -സംയുക്തപ്രൊജക്ട് | 108015 | 0 | 108015 | 0 | 108015 |
| ജില്ലാ പഞ്ചായത്ത് -സംയുക്തപ്രൊജക്ട് | 387590 | 0 | 387590 | 0 | 387590 |
| മറ്റ് ഉദ്ദേശ്യഗ്രാന്റുകൾ-സംസ്ഥാനവിഹിതം | 0 | 1105000 | 1105000 | 975000 | 130000 |
| മറ്റ് ഉദ്ദേശ്യഗ്രാന്റുകൾ-മറ്റ് ധനകാര്യസ്ഥാപനങ്ങൾ | 0 | 312552 | 312552 | 0 | 312552 |
| ഹെൽത്ത് ഗ്രാന്റ്- പി എച്ച് സി എഫ് എച്ച് സി യായി ഉയർത്താന് | 0 | 81161 | 81161 | 79997 | 1164 |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 210848 | 210848 | 192650 | 18198 |
| ഗ്രാമീണ ഭവനപദ്ധതി | 0 | 1700000 | 1700000 | 500000 | 1200000 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വരവ് ചെലവുകൾ എ.സി.ആറുമായും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റുമായും പൊരുത്തപ്പെടുന്നില്ല. 2021-22 വർഷത്തിൽ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) ഇനത്തിൽ ടൈഡ് ഇനത്തിലെ തുക ഉപയോഗിച്ച് അധിക ചെലവ് (1860) നടത്തിയതിനാൽ മൈനസ് ബാലൻസ് ഉണ്ടായി.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയപദ്ധതികളുടെഎണ്ണം | ഭാഗികമായിനടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 147 | 50053958 | 134 | 36655171 | 115 | 19 | 13 | 78 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതി | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | കളുടെ എണ്ണം | | | |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 2753355 | 9 | 2124412 | 9 | 77 |
| 2 | വെറ്റിനറിസർജൻ | 397680 | 6 | 392379 | 6 | 98.6 |
| 3 | മെഡിക്കൽ ഓഫീസർ (എഫ്എച്ച്സി) | 3699401 | 11 | 3683837 | 11 | 99.6 |
| 4 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ -കടമ്പൂർ | 8890000 | 10 | 3889701 | 9 | 43.7 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-കാടാച്ചിറ | 3218915 | 11 | 2444578 | 11 | 76 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4949505 | 12 | 4252311 | 12 | 86 |
| 7 | സെക്രട്ടറി | 8333399 | 35 | 7667489 | 27 | 92 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 17207703 | 46 | 11625464 | 42 | 68 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 334000 | 5 | 334000 | 5 | 100 |
| 10 | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 60000 | 1 | 60000 | 1 | 100 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 210000 | 1 | 181000 | 1 | 86 |
| | | 50053958 | 147 | 36655171 | 134 | 73 |

## 1-6 മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിസ്റ്റേറ്റീവ് ചെലവ് | 232 | 785820 | 786052 | 782149 | 3903 |
| തൊഴിലാളികൾക്കുള്ള കൂലി | 0 | 14181458 | 14181458 | 14181458 | |
| ആകെ തുക | 232 | 14967278 | 14967510 | 14963607 | 3903 |

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകളും രേഖകളും പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2022-23 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം, ജലസംരക്ഷണ പ്രവൃത്തികൾ, തൊഴുത്ത് നിർമാണം, നടപ്പാത നിർമാണം തുടങ്ങി ആകെ 386 പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ ആകെ 160 എണ്ണം പ്രൊജക്ടുകൾ മാത്രമാണ് 2022-23 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയിട്ടുള്ളത്. ആയതിൽ 90 എണ്ണം മെറ്റീരിയൽ പ്രവൃത്തിയാണ് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (3/18-8-23) മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നിർവഹണത്തിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരേയും ആകെ 2531 എണ്ണം തൊഴിൽകാർഡുകൾ അനുവദിച്ചിട്ടുണ്ട്.ആയതിൽ 221 തൊഴിൽകാർഡ് ഉടമകൾക്ക് 2022-23സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുണ്ട്.മുഴുവൻ തൊഴിൽ കാർഡ് ഉടമകൾക്കും 100 തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിൽ പ്രവൃത്തികൾ ക്രമീകരിക്കേണ്ടതാണ്.

3. 250000 രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതുണ്ട്. (ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51, 21-07-2018ലെ 28th ജി.എസ്.സി. കൗൺസിൽ തീരുമാനം) ജ്.എസ്.ടി ചട്ടം അനുസരിച്ച് നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യണം.30/7/2019 ലെ സർക്കുലർ നമ്പർ 957/ ഇ ജി എസ്-സി/16/ ആർ ഇ ജി എസ് കൂടി കാണുക.ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ | എം.ബുക്ക് | ആകെ | മെറ്റീരിയൽ | 2% ജി.എസ്.ടി |
|---|---|---|---|---|---|

| | പേര് | നമ്പർ | പ്രവൃത്തിമൂല്യം | കോസ്ററ് | ഇനത്തിൽകുറവ് വരുത്തേണ്ട തുക |
|---|---|---|---|---|---|
| കാടാച്ചിറ അംഗൻ വാടി മുതൽ വാഴക്കാത്ത് താവേ വരെ കോൺക്രീറ്റിംഗ | അബ്ദുള്ള | 103/22-23 | 473372 | 330465 | 6609 |
| രയരോത്ത് പുതിയടത്ത് നടപ്പാത സഞ്ചാരയോഗ്യമാക്കൽ | അബ്ദുള്ള | 103/22-23 | 388193 | 256886.92 | 5138 |

ഓഡിറ്റ് എൻക്വയറിയ്ക്ക് (3/18-8-23) മറുപടിയായി ജി.എസ്.ടി ഇനത്തിൽ തുക കുറവ് വരുത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽമേൽ കാണിച്ച വിധം250000 രൂപയിൽ അധികരിച്ച തുകകൾ അനവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതാണ്. മേൽ തുക ജി എസ് ടി വകുപ്പിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 1-6-1 ബാങ്ക് ചാർജ് ഇനത്തിൽ കിഴിവ് നടത്തിയ തുക തിരികെ ഈടാക്കേണ്ടതാണ്

മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കേരള ഗ്രാമീണ ബാങ്കിന്റെ 40402100007567 നമ്പർ അക്കൗണ്ടിൽ നിന്നും മിനിമം ബാലൻസ് തുക നിലനിർത്താത്തതിനാൽ 2022-23 വർഷത്തിൽ 235 രൂപയും അതിനു മുൻപ് 96 രൂപയും ഉൾപ്പെടെ ആകെ 331 രൂപ ബാങ്ക് ചാർജ് ഇനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 18-4-22 | 48 |
| 2 | 17-5-22 | 59 |
| 3 | 15-6-22 | 59 |
| 4 | 15-7-2022 | 59 |
| 5 | 17-8-22 | 10 |
| | ആകെ തുക | 235 |

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 15-2-22 | 48 |
| 2 | 15-3-22 | 48 |
| | ആകെ തുക | 96 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (33/23-8-23)മറുപടി ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ടിൽ മിനിമം ബാലൻസ് തുക ഉറപ്പു വരുത്താത്തതിനാലാണ് തുക നഷ്ടം സംഭവിച്ചിട്ടുള്ളത്. മേൽ തുക 331 രൂപ തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1426400 | 93 |
| വിധവാപെൻഷൻ | 10354900 | 753 |
| വാർദ്ധക്യകാല പെൻഷൻ | 23384000 | 1906 |

| | | |
|---|---|---|
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 3100800 | 224 |
| അവിവാഹിത പെൻഷൻ | 2323200 | 171 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധനാ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2023 തീയ്യതിയിൽ 3.00 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് തുക 1000രൂപ ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര-ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

കടമ്പൂർ ഗ്രാമപഞ്ചായത്തിൽ 2022-23വർഷത്തിൽ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. എന്നാൽ ഡെപോസിറ്റ്, അഡ്വാൻസ് രജിസ്ററുകൾ എന്നിവ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നില്ല. പഞ്ചായത്തിലെ ഗ്യാസ് ക്രമിറ്റോറിയം സംബന്ധിച്ച ബൈലോയ്ക്ക് നാളിതുവരേയും അംഗീകാരം ലഭ്യമാക്കിയിട്ടില്ല. നികുതി പിരിവ് 100% കൈവരിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി 2022-23 ൽ 2 തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. സേവനങ്ങൾക്കുള്ള ഏകജാലകസംവീധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ 2021 ലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമെന്ന നിലയിൽ 2022-23 വർഷത്തിൽ കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ സ്ററാററസ് റിപ്പോർട്ടിന്റെ (അവസ്ഥാ രേഖ) അടിസ്ഥാനത്തിൽ 29-5-22 ന് വികസന സെമിനാർ നടത്തുകയും വികസന രേഖയും പദ്ധതി രേഖയും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. നിർവഹണം ചെയ്ത ഭൂരിഭാഗം പ്രൊജക്ടുകളുടേയും മോണിറ്ററിംഗ് നടത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കടമ്പൂർ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-10 ഗ്രാമ സഭ

കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 13 വാർഡുകൾ ഉണ്ട്. 2022-23 വർഷത്തെ ഗ്രാമ സഭ മിനുട്സ് പരിശോധിച്ചതിൽ ,വർഷത്തിൽ ആകെ 4 തവണ ഗ്രാമ സഭ ചേർന്നതായി കാണുന്നു. 5/22, 8/22, 10/22, 12/22, എന്നീ മാസങ്ങളിൽ ആണ് ഗ്രാമ സഭ ചേർന്നിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3-3 പ്രകാരം വർഷത്തിൽ നാലുമാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമ സഭ യോഗം ചേരണമെന്നത് പാലിച്ചിട്ടുണ്ട്. എല്ലാ യോഗങ്ങളിലും ക്വാറം തികഞ്ഞിട്ടുണ്ട്. 2022-23 വർഷത്തെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, മാലിന്യമുക്ത കേരളം, 2023-24 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കൽ, ഓഡിറ്റ് റിപ്പോർട്ട് തുടങ്ങിയവ ഗ്രാമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

## 1-11 ആസ്തി സംരക്ഷണം

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സർക്കാരിന്റെ അംഗീകരിച്ച മാർഗ്ഗരേഖ 19-04-2022 തീയതിയിലെ സ.ഉ(കൈ) നം.84/2022/തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 6.8(1), (2) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഇത്തരത്തിൽ ആസ്തി സംരക്ഷണപദ്ധതികൾ തയ്യാറാക്കിയിട്ടില്ല. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി ഐ എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 5/18-8-2023 ന് മറുപടിയായി 2023-24 വർഷത്തിൽ കണ്ണൂർ വിവര സഞ്ചയിക എന്ന പദ്ധതി പ്രകാരം ജി ഐ എസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തികൊണ്ട് ആസ്തി രജിസ്ററർ കാലികമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കിയിട്ടുണ്ടോ എന്ന് ചോദിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി സംരക്ഷ പദ്ധതി, ഭൂനികുതി ഒടുക്കിയതിന്റെ രേഖകൾ, ഭൂമി സംബന്ധിച്ച പോക്കുവരവ് രജിസ്റ്റർ, എന്നിവ ലഭ്യമാക്കിയിട്ടില്ല.

ആസ്തി രജിസ്ററർ കാലികമാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-12 ടെണ്ടർ ഫാറം വില ഈടാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫാറം വില്പന ഇനത്തിലുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യ് വന്നിരുന്നത്.

ഓഡിറ്റ് എൻക്വയറി നൽകിയതിൽ പ്രകാരം ലഭ്യമാക്കിയ ഈടാക്കാൻ ബാക്കിയായ ടെണ്ടർ ഫാറം വില്പന ഇനത്തിലുള്ള തുകകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | 2015-16 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| തുക | 5355 | 19506 | 23174 | 48608 | 27610 |
| ഈടാക്കാൻ ബാക്കിയായ ആകെ തുക | | | | | 124253 |

2015-16 മുതൽ 31-03-2022 വരെ കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത 124253രൂപ ഗ്രാമ പഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിക്കാനുണ്ട്. തുക ഗ്രാമ പഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കൂട്ടിച്ചേർക്കൽ വരുത്താൻ അനുമതി നൽകിയതും പെർമിറ്റ് കാലാവധിപൂർത്തിയായതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

2019-20 വർഷം കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുള്ളതും പെർമിറ്റ് കാലാവധി അവസാനിച്ചതുമായ ഏതാനും കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ നിന്നും ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിച്ചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല എന്ന് കാണുകയുണ്ടായി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ /തീയതി കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 8/267 | വി എൻ വിജയലക്ഷ്മി | C-BA/(343568)/19 11.11.2019- 10.11.2022 | Existing-49.57 Proposed-86.56 | 45 |

| | | | | | |
|---|---|---|---|---|---|
| | | | 3 വർഷം | | |
| 2 | 10/387 | പി കെ ലളിത | C-BA(176227) 03.07.2019 - 02.07.2022 വരെ( 3 വർഷം ) | Existing- 93.11 Proposed-60.88 | 101 |
| 3 | 1/358 | സുരേഷ്ബാബു | C-BA(197605), 17.07.2019 - 16.07.2022 വരെ (3 വർഷം) | Existing- 75.22 Proposed-76.88 | 67.34 |
| 4 | 1/101 | കൃഷ്ണൻ | C-BA(169112), 04.07.2019- 03.07.2022 വരെ (3 വർഷം) | Existing- 73.2 Proposed-54.32 | 72 |

പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ നിലവിലുള്ള തറവിസ്തീർണ്ണം, സഞ്ചയയിലെ തറവിസ്തീർണ്ണത്തേക്കാൾ കൂടുതലാണ്. ഇതിൽ നിന്നും നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിൽ അധിക നിർമ്മാണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാണ്. കൂടാതെ കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച പ്രസ്തുത കെട്ടിടങ്ങളുടെ കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി മുൻവർഷങ്ങളിൽ അനുമതി നൽകിയ കെട്ടിടങ്ങളിൽ 2022-23 വർഷം കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച കെട്ടിടങ്ങളുടെ വിവരം, മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയിച്ച് നൽകിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിനും കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച് കാലാവധി അവസാനിച്ചിട്ടും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാത്ത കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/22.08.2023) മറുപടിയായി കെട്ടിടനിർമ്മാണം പൂർത്തിയാക്കി അപേക്ഷകൻ കംപ്ലീഷൻ പ്ലാനും മറ്റ് അനുബന്ധരേഖകളും സമർപ്പിക്കുന്ന മുറക്കാണ് നികുതി നിർണ്ണയം നടത്തിവരുന്നതെന്നും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 300 ൽകൂടുതൽ ഫോറം ബി ലഭിച്ചിട്ടുണ്ടെന്നും ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-14 അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

സഞ്ചയ സോഫ്റ്റ് വെയറിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിൽ 4 അനധികൃത കെട്ടിടങ്ങളാണുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ എണ്ണം 8 ആണ്. ഇതിൽ ജിജേഷ്, കരുണാകരൻ, കുമാരൻ എന്നിവരുടെ കെട്ടിടങ്ങൾക്ക് UA നമ്പർ നൽകിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രജിസ്റ്ററിലുള്ള സർഷാദ് എം (വാർഡ് നം/കെട്ടിടനം 3/126 A(UA)) എന്നയാളുടെ കെട്ടിടം സഞ്ചയയിലെ അനധികൃതകെട്ടിടങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ച വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല.പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം. (എം,എസ്) 170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വാസഗൃഹങ്ങളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/22.08.2023) മറുപടിയായി സർക്കാർ സർക്കുലർ പ്രകാരമുള്ള മാതൃകയിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകൾ വരുത്തുകയും അപാകങ്ങൾ പരിഹരിച്ച് UA നമ്പർ അനുവദിച്ച് കാലീകമാക്കുകയും ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്.

2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത താഴെപറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|
| 1 | ഡോ. പി വി ബിജോയ് |

മേൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/23.08.2022) ലഭ്യമാക്കിയ മറുപടിയിൽ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടം 8 പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-16 അംഗൻവാടി പോഷകാഹാരവിതരണം- ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ₹411 അധികം നൽകി- തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 24/23 |
| പ്രോജക്ടിന്റെ പേര് | അംഗൻവാടി പോഷകാഹാരവിതരണം(SO) |
| അടങ്കൽ<br>ആകെ | ₹250 വികസന ഫണ്ട് പൊതുവിഭാഗം<br>₹540000ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹540250 |
| ചെലവ് തുക | ₹297247 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

മേൽ പ്രോജക്ടിന്റെ ഭാഗമായി ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിനുള്ള വാഹനത്തിന്റെ ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഐശ്വര്യ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിന്റെ ക്വട്ടേഷൻ (ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കിലോഗ്രാമിന് 3 രൂപ നിരക്കിൽ) ഭരണസമിതിയുടെ 05.11.2022 തീയതിയിലെ 16/429/2022(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. അതുവരെ 31.12.2021 തീയതിയിലെ 545/2021(1) നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ള കിലോഗ്രാമിന് 2.5 രൂപ നിരക്കിലാണ് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകേണ്ടിയിരുന്നത്. എന്നാൽ 01.11.2022 തീയതിയിൽ ഇറക്കിയ 825.5 Kg ന്യൂട്രിമിക്സിന് 2058.75 (823.5*2.5) രൂപ നൽകുന്നതിന് പകരം പുതിയ നിരക്കിലുള്ള 2470(823.5*3) രൂപയാണ് നൽകിയത് (BRN/തീയതി 90752006101155352/08.02.2023). ഇപ്രകാരം അധികതുക നൽകിയതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/21.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച ₹411 തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹42658 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ പേര് | ഇൻഫർമേഷൻ കേരള മിഷന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ |
| പ്രൊജക്ട് നം | 59/23 |
| അടങ്കൽ | ₹42658/- (വികസനഫണ്ട് ) |
| ചെലവ് | ₹42658 |

| | |
|---|---|
| തുക-ബിൽനം/ തീയ്യതി | 95/17-10-2022- ₹39870<br>307/16-03-2023- ₹2788 |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടറുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/2022-23 തീയതി 18-08-2023) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 42658 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ-വാഹനം ലഭ്യമായില്ല.400000രൂപയുടെ ചെലവ് തുക തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം | 22/2023 |
| പ്രൊജക്ടിന്റെ പേര് | ഹരിത കർമ്മസേനക്ക് ഇലക്ട്രിക് ഗാർബേജ് കലക്ഷൻ റിക്ഷാ വാങ്ങുന്ന പദ്ധതി |
| അടങ്കൽ | 497000(നഗരസഞ്ചയ ഗ്രാന്റ്-കോർപ്പറേഷൻ) |
| ബിൽ നം/തീയതി/തുക | 5113907201220059/31-03-2023 -- 400000 |

ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വേണ്ടി ജെം മുഖേന വാഹനം വാങ്ങുന്നതിന് വേണ്ടിയാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ എന്ന സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് (നമ്പർ HHG-22022-23 തീയതി 08-03-2023 ) പ്രകാരം വാഹനത്തിന്റെ വിലയുടെ ആദ്യ ഗഡുവായി 400000 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വാഹനം ലഭ്യമായതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/19-08-2023) മറുപടിയായി പഞ്ചായത്തിന് തനത് ഫണ്ട് കുറവായതിനാലും മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്തതിനാലും 90000 രൂപ നൽകുവാൻ സാധിച്ചിട്ടില്ലെന്നും 2023-24 വാർഷിക പദ്ധതിയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാഹനം നാളിതുവരെ ലഭ്യമാകാത്തതിനാൽ ചെലവ് തുക 400000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വാഹനം ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്കുകൾക്കു മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

02-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടതുമാണ്.മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കും ഗ്രാമപഞ്ചായത്ത് 2022-23 വർഷം മീറ്ററില്ലാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം | തീയതി | തുക |
|---|---|---|---|
| 1 | 22200814 | 28-12-2022 | 12006 |
| 2 | 22201138 | 31-03-2023 | 4631 |

വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമ പഞ്ചായത്ത് വൈദ്യുതി ചാർജ് ഒടുക്കി വരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയ തെരുവ് വിളക്കുകളുടേയും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതെ വൈദ്യുതി ചാർജ് ഒടുക്കി വരുന്ന തെരുവ് വിളക്കുകളുടെയും വിശദവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(36/23-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ബാക്കിയുള്ള തെരുവ് വിളക്കുകൾക്കു കൂടി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഫീസിനത്തിൽ തുക നല്കുമ്പോൾ ആദായനികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ് ശ്രീ ആസഫലി ടി ക്ക് 2022-23 സാമ്പത്തിക വർഷം താഴെച്ചേർക്കും വിധം ഫീസ് നല്കിയിട്ടുണ്ട്.

| ക്രമനം | കേസ് നം | തുക | വൌച്ചർ നം | തീയതി |
|---|---|---|---|---|
| 1 | Wp(c) No.9307/21<br>Wp(c) No.10786/21 | 42000 | 22200340 | 29-08-2022 |

Income Tax Act – 194 J പ്രകാരം ഒരു സാമ്പത്തികവർഷം 30000/- രൂപയിൽ കൂടുതൽ പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഫീസിനത്തിൽ തുക നല്കുമ്പോൾ 10% തുക ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. സ്രോതസിൽ നിന്നും ആദായ നികുതി ഈടാക്കാതെയാണ് തുക അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/22-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞിട്ടുള്ള വക്കീലിന് ഫീസിനത്തിൽ നൽകിയിട്ടുള്ള തുകയ്ക്ക് ആദായ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമായില്ല-₹174456 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 45/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നമ്പർ/തീയ്യതി/തുക | 191/16-01-2023 -300000 |

ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ₹300000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുണ്ട് (A/C NO.34306403911) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നല്കിയ ₹300000 യിൽ ₹125544 യുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ₹174456യുടെ മരുന്നുകൾ ലഭിക്കാന് ബാക്കിയുണ്ട്. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/19-08-2023) മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാകാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായ ₹174456 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 സ്മാർട്ട് ഐ-ഫേസ്-ജില്ലപഞ്ചായത്തിന് തുക നൽകിയത്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.177000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 175/23, സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000 (വികസനഫണ്ട് -ജനറൽ) |
| ചെലവ്-ബിൽ നമ്പർ & തീയ്യതി | ₹163343, 25/17.02.2023<br>₹13657 306/16.03.2023 |

ഗ്രാമപഞ്ചായത്തിലെ മാലിന്യം കൂടുതലായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിച്ച് മാലിന്യം നിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. 2022-23 വർഷം പദ്ധതിയുടെ ഒന്നാംഘട്ടമായി പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവായാണ് തുക ജില്ലാപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ലാ കലക്ടറുടെ 13.01.2023 ലെ 444/2022-23/ഡി പി സി/ഡി പി ഒ/കെ എൻ ആർ കത്തിലെ നിർദ്ദേശപ്രകാരം തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ കണക്ടിവിറ്റി സൗകര്യങ്ങളും ഒരു 4 MP നെറ്റ് വർക്ക് ക്യാമറയും 300 KVA പവർ ഓപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങൾ ഒരുക്കുന്നതിന് മേൽ പദ്ധതിയിൽ വകയിരുത്തിയ തുക കണ്ണൂർ ജില്ല പഞ്ചായത്തിന്

നൽകിയിട്ടുണ്ട്.ഉക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/2022-23 തീയതി 19-08-2023) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹177000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ കണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തികവർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. കടമ്പൂർ ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആശുപത്രി മാനേജിംഗ് കമ്മറ്റി ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുനസംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങൾ അറിയിക്കാനും വാർഷിക കണക്കുകൾ ഹാജരാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 13/21-8-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക കണക്കുകൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം.3/05/ആ.കു.വ നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## 1-24 ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യത പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നം/പേര് | 106/23 കാടാച്ചിറ പി എച്ച് സി റോഡ് പുനരുദ്ധാരണം |
| അടങ്കൽ | 450000 മെയിന്റയിനൻസ് റോഡ് |
| ബിൽ നംപർ,തീയതി,ചെലവ് തുക | 22190752006601540425 28-3-23 ₹447035 |
| കരാറുകാരന്റെ പേര് | നിവേദ്.എം |
| കരാർ നമ്പർ ,തീയതി | AE/KP/20/LSGD/22 -23 തീയതി 16-2-23 |

മേൽ പ്രൊജക്ടിനു വേണ്ടി 30-11-2022ന് ഓപൺ ചെയ്യാനുദ്ദേശിച്ച ടെണ്ടർ നടപടികൾക്ക് ആരുംതന്നേ ടെണ്ടർ സമർപ്പിക്കാത്ത സാഹചര്യത്തിൽ, 2-1-23 ടെണ്ടർ ഫോറം സമർപ്പിക്കേണ്ടുന്ന അവസാനതീയതിയായും 4-1-23 11 മണിക്ക് ടെണ്ടർ ഓപൺ ചെയ്യുന്ന വിധത്തിലും റീടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തതായി ഇത് സംബന്ധിച്ച ഫയലിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ ടെണ്ടർ രജിസ്ററർ പ്രകാരം അംഗീകരിച്ച ഏക ടെണ്ടർ സംബന്ധിച്ച്, 3-1-23 ന് ടെണ്ടർ ഫോറം വാങ്ങിയതായും 5-1-23-നാണ് ആയത് സമർപ്പിച്ചതെന്നും കാണുന്നു. ടെണ്ടർ ഓപൺ ചെയ്യുന്ന അവസാനതീയതിയായ 4-1-23 ന് ശേഷം 5-1-23 ന് ലഭ്യമാക്കിയ ടെണ്ടർ അംഗീകരിക്കുവാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/23-8-2023)മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പി ഡബ്ല്യു ഡി മാന്വൽ 2008-1 പ്രകാരം വൈകികിട്ടിയ ടെണ്ടറുകൾ തുറക്കാതെ തിരിച്ചയക്കേണ്ടതുണ്ട്. ടെണ്ടർ നടപടി ക്രമങ്ങളിൽ പാലിക്കേണ്ട യാതൊരു നടപടികളും പാലിച്ചിട്ടില്ല എന്ന് ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയിട്ടുണ്ട്. കേരള പൊതു മരാമത്ത് ചട്ടങ്ങൾ ചട്ടം 10-7, 10-8 പ്രകാരമുള്ള നടപടി ക്രമങ്ങളായ, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ്, ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തി വരുന്നില്ല. ടെണ്ടർ

രജിസ്റ്റർ ശരിയായ വിധത്തിൽ പരിപാലിച്ച് വരുന്നില്ല. ടെണ്ടർ നടപടി ക്രമങ്ങളിൽ കേരള പി ഡബ്ല്യു ഡി മാന്വൽ പ്രകാരമുള്ള കൃത്യതയും സുതാര്യതയും പാലിക്കേണ്ടതാണ്.

## 1-25 നടപടി ക്രമങ്ങൾ പാലിക്കാതെ പിഴ ഒഴിവാക്കി നൽകിയത് ക്രമവിരുദ്ധം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 178/21-22, 35/2022-23 കെ യു പി സ്കൂൾ റോഡ് |
| അടങ്കൽ | 248200 വികസന ഫണ്ട് 71800 തനതു ഫണ്ട് |
| ബിൽ നംപർ, തീയതി, ചെലവ് തുക | 123302/14-3-23 69750<br>22190752006601531042 28-3-23 – 248200 |
| കരാറുകാരന്റെ പേര് | ഷാജി.എം.കെ |
| എം ബുക്ക് നംപർ | 218/21-22 |
| പി എ സി തുക | 318000 |
| കരാർ നമ്പർ, തീയതി | AE/KP/24/LSGD/21 -22 തീയതി 28-2-22 |

28-2-22 ന് കരാർ ചമച്ച് ആരംഭിച്ച മേൽ പ്രവൃത്തി 6 മാസം കഴിഞ്ഞ് 27-8-22 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ വീണ്ടും 6 മാസം കഴിഞ്ഞ് 1-3-23 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി നമ്പർ 34 തീയതി 23-8-2023പ്രകാരം ആവശ്യപ്പെട്ടതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

കാലാവധി ദീർഘിപ്പിക്കാനായിട്ടുള്ള, കരാറുകാരന്റെ അപേക്ഷ 18-1-23 നാണ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളത്. എന്നാൽ എഞ്ചിനീയറുടെ ശുപാർശ, ഭരണസമിതി അംഗീകാരം, സപ്ലിമെന്ററി എഗ്രിമെന്റ് എന്നീ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പിഴ ഒഴിവാക്കികൊണ്ട് ബിൽ തുക അനുവദിച്ചത്. ആയത് ക്രമ പ്രകാരമല്ല. കരാറുകാരനിൽ നിന്നും പി ഡബ്ല്യു ഡി മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

## 1-26 വാഹനവാടക -ആദായനികുതി ഈടാക്കി ഒടുക്കാത്തതും ഫണ്ട് ചെലവഴിച്ചതിലെ അപാകതയും

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/ പേര് | 165/22(SO32/23)<br>അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ |
| അടങ്കൽ | 239226 |
| ഫണ്ട് | മെയി.ഫണ്ട് റോഡിതരം |
| ചെലവ് | 239226 |
| കരാർ | AE/KP/07/LSGD/2021-22 Dared 11-10-/2021 |
| കരാറുകാരൻ | നിമിഷ്. എൻ |

1. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് 1 ലക്ഷം രൂപയിൽ കവിയുന്ന

സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ എന്ന മേൽ പ്രൊജക്ടുകളിലായി ശ്രീ.നിമിഷ്.എൻ എന്ന കരാറുകാരന് പ്രതിമാസം 26000/-രൂപ നിരക്കിൽ 2022-23 വർഷത്തിൽ ആകെ 239226 രൂപ വാടക ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ബില്ലുകളിൽ നിന്നും 1% നിരക്കിൽ ആദായനികുതി കുറവു ചെയ്തിട്ടില്ല.

2.വാഹനവാടക നൽകാവുന്നതിന് തനതു ഫണ്ടോ തനതുഫണ്ടിൽ നിന്നും തുക കണ്ടെത്താൻ കഴിയുന്നില്ല എങ്കിൽ വികസന ഫണ്ടോ (പൊതുവിഭാഗം – സാധാരണ വിഹിതം) ഉപയോഗിക്കണം എന്നാണ് നിലവിലുള്ള നിർദേശം. ആയതിനു വിരുദ്ധമായി മെയിന്റയിനൻസ് ഫണ്ട് റോഡിതരം ഉപയോഗിച്ചാണ് വാടക നൽകിയിരിക്കുന്നത്. മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വാടക ഇനത്തിൽ ചെലവവിച്ച 239226 രൂപയുടെ 1% നിരക്കിൽ ആദായനികുതി ഈടാക്കി ഒടുക്കു വരുത്തേണ്ടതും മെയിന്റയിനൻസ് ഫണ്ട് റോഡിതരം ഉപയോഗിച്ച് വാടക നൽകിയതിനു വിശദീകരണം നൽകേണ്ടതുമാണ്

## 1-27 ലൈഫ് മിഷൻ ഫ്ലാറ്റിന് കുടിവെള്ള സൌകര്യം ലഭ്യമാക്കൽ- ഡെപ്പോസിറ്റ് വർക്കിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയത്-തിരികെ ലഭിക്കാനുള്ള 285926 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 158/23 |
| പ്രൊജക്റ്റിന്റെ പേര് | ലൈഫ് മിഷൻ ഫ്ലാറ്റിന് കുടിവെള്ള സൗകര്യം ലഭ്യമാക്കൽ |
| അടങ്കൽ | 1730000<br>30000(ധനകര്യകമ്മീഷൻ അവാർഡ്)<br>1700000(ജില്ലാപഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ/തീയതി /തുക | 162/31-12-2022-30000<br>22201197/31-03-2023-1700000<br>ആകെ 1730000 |

പ്രസ്തുത പ്രൊജക്ട് സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.പ്രൊജക്റ്റിന്റെ പൂർത്തീകരണ വിവരം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.കേരള വാട്ടർ അതോറിറ്റിയുമായി ചമച്ചതിൽ കരാർ തീയതി രേഖപ്പെടുത്തിയിട്ടില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റാമ്പ് പേപ്പർ വാങ്ങിയ തീയതിയായി രേഖപ്പെടുത്തിയിട്ടുള്ളത് 06-07-2023 ആണ്. തുക നൽകി വളരെ വൈകി മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്.

3.സർക്കുലർ നമ്പർ ഡി എ 1/179/22 തസ്വഭവ തീയതി 10-07-2022 പ്രകാരം കെ എസ് ഇ ബി, കെ ഡബ്ല്യ എ, ജി ഡബ്ല്യ എ എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

4. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 1730000 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.പ്രസ്തുത വിനിയോഗസാക്ഷ്യപത്രപ്രകാരം 1444074 രൂപ വിനിയോഗിച്ചിട്ടുണ്ട്. ബാക്കി 285926 രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കാനുണ്ട്.

5. വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് വർക്കിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ ആകെ 3,692,627 രൂപ നിക്ഷേപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (11/20-08-2023) അടിസ്ഥാനത്തിൽ മേൽ കൊടുത്ത പ്രകാരം 1730000 ലക്ഷം രൂപ മാത്രമാണ് ക്രമീകരിച്ചിട്ടുള്ളത്. ബാക്കി 1962627 രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 1962627 രൂപ ഡെപ്പോസിറ്റ് ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച വിനിയോഗസാക്ഷ്യപത്ര

പ്രകാരം തിരികെ ലഭിക്കാനുള്ള 285926 രൂപ തടസപ്പെടുത്തുകയും ചെയ്യുന്നു. കെ എസ് ഇ ബി, കെ ഡബ്ല്യു എ, ജി ഡബ്ല്യു എ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ സർക്കാർ നിർദേശം പാലിക്കേണ്ടതും 285926 രൂപ തിരികെ ലഭ്യമാക്കി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിൽ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-28 തനത് വരുമാനം- അവലോകനം

വസ്തുനികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ, രജിസ്ട്രേഷൻ ഫീസുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. റവന്യു ചെലവുകൾ പ്രതിവർഷം കൂടി വരുന്ന സാഹചര്യത്തിൽ തനത് വരുമാന സമാഹരണം കാര്യക്ഷമമാക്കേണ്ടതുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

2022-23 വർഷത്തെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും യോഗങ്ങളിൽ വസ്തുനികുതി കളക്ഷൻ പുരോഗതി സംബന്ധിച്ച് ചർച്ച ചെയ്യുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു തനതു വരുമാന മേഖലകൾ സംബന്ധിച്ച ചർച്ചകൾ നടന്നിട്ടില്ല. നിശ്ചിത ഇടവേളകളിൽ വസ്തുനികുതി ഒഴികെയുള്ള വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റ്/പിരിവ് പുരോഗതി എന്നിവ സംബന്ധിച്ച അവലോകനം നടത്തിയിട്ടില്ല.

വസ്തുനികുതി പരിഷ്കരണം

സ.ഉ(കൈ)നം.77/2023/തസ്വഭവ തി:22.3.23, എസ്.ആർ.ഒ നം.479/2023 തി:5.4.23 പ്രകാരം വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 09.05.2023 ൽ ചേർന്ന 22/23-ാം നമ്പർ തീരുമാനപ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്ക് 5% വാർഷീക നികുതിവർദ്ധനവ് വരുത്തുന്നത് സംബന്ധിച്ച് ഭരണസമിതിയോട് ശുപാർശ ചെയ്യുകയും ഭരണസമിതിയുടെ 14.6.2023 തീയതിയിലെ 9/248/2023(3) നമ്പർ തീരുമാനപ്രകാരം ഇത് അംഗീകരിക്കുകയും സഞ്ചയയിൽ ഇതിനനുസരിച്ച് മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. 01.04.2023 മുതൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 09.05.2023 ൽ ചേർന്ന 22/2023(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതിക്ക് ശുപാർശ ചെയ്യുകയും 14.6.2023 തീയതിയിലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 9/248/2023(1) തീരുമാന പ്രകാരം പ്രസ്തുത നിരക്ക് അംഗീകരിക്കുകയും 15.07.2023 ന് കരട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് അന്തിമമാക്കിയിട്ടില്ല.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നികുതി /നികുതിയേതര വരവിനങ്ങളുമായി ബന്ധപ്പെട്ട അവലോകനം

1. വസ്തുനികുതി

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമാർഗ്ഗമാണ് വസ്തുനികുതി ഇനത്തിലുള്ള വരവ്. സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു

A)മൊബൈൽ ടവറുകൾ

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ 5 മൊബൈൽ ഫോൺ ടവറുകളാണ് ഉള്ളത് . ഇതിൽ 2 ബി എസ് എൻ എൽ ടവറുകളുടെ വിസ്തീർണ്ണം 7.02 ച മീ,8.226 ച മീ എന്നിങ്ങനെ രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് .മൊബൈൽ ടവറുകളുടെ വസ്തുനികുതി കണക്കാക്കുമ്പോൾ ജനറേറ്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ തറ വിസ്തീർണ്ണം, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ തറ വിസ്തീർണ്ണം, ടവർ സ്പാൻ അനുസരിച്ചുള്ള വിസ്തീർണ്ണം എന്നിവ ഉൾപ്പെടെ കണക്കാക്കി നികുതി നിർണയിക്കേണ്ടതിനാൽ മേൽ മൊബൈൽഫോൺ ടവറുകളുടെ വിസ്തൃതി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അപാകം സംഭവിച്ചിട്ടുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

B)അനധികൃത കൂട്ടിച്ചേർക്കലുകൾ

മുൻവർഷങ്ങളിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് നൽകിയ നിരവധി കെട്ടിടങ്ങൾ പെർമിറ്റ് കാലാവധി പൂർത്തിയായ ശേഷം പെർമിറ്റ് പുതുക്കുകയോ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് വസ്തുനികുതി പുനർനിർണിക്കുകയോ ചെയ്യാതെ തുടരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട് . ഈ വിഷയത്തിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന ഫീൽഡ് പരിശോധന പരമാവധി പ്രയോജനപ്പെടുത്തി വസ്തുനികുതി കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2.എഫ് ടി ഇ & ഒ എസ് ലൈസൻസ്

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 1420 ആണ്. എന്നാൽ 2022-23 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 427 മാത്രമാണ്. ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലെ ഈ വ്യത്യാസം സംബന്ധിച്ച് പരിശോധന നടത്തേണ്ടതും പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ച് വരുന്നുണ്ട്. ഏതെങ്കിലും സ്ഥാപനം വിട്ടുപോയിട്ടുണ്ടോയെന്ന് ഫീൽഡ് പരിശോധനാ സമയത്ത് പരിശോധിക്കാവുന്നതാണ്.
എല്ലാ മേഖലയിലുമുള്ള പഞ്ചായത്തിന്റെ തനത് വരുമാനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നംപർ/ തീയതി |
|---|---|---|
| 2022-23 | 16-8-2023&17-8-2023 | കെ.എസ്.എ./കെ.എൻ.ആർ /സി.6/1398/23 തീയതി: 05.10.2023 |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 350000 | 2022-23 | 18/23 സാന്ത്വന പരിചരണം | 350000 | ഇല്ല |
| 2 | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 80000 | 2022-23 | 79/23 ലൈഫ് ഭവനപദ്ധതി | 80000 | ഇല്ല |
| 3 | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 476550 | 2022-23 | 88/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 476550 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 4 | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 297247 | 2022-23 | 24/23 അംഗൻവാടി പോഷകാഹാര വിതരണം | 297247 | ഇല്ല |
| 5 | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 70000 | 2022-23 | 141/23 ക്ഷീര സംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി | 70000 | ഇല്ല |
| | ആകെ | 1273797 | | | 1273797 | |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 550000 | 2022-23 | 18/23 സാന്ത്വന പരിചരണം | 550000 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 165000 | 2022-23 | 88/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 165000 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 41000 | 2022-23 | 141/23 ക്ഷീര സംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി | 41000 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1700000 | 2022-23 | 155/23 ലൈഫ് മിഷൻ ഫ്ലാറ്റിന് കുടിവെള്ള സൗകര്യം ലഭ്യമാക്കൽ | 1700000 | ഇല്ല |
| | ആകെ | 2456000 | | | 2456000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ നമ്പർ/പേര് | ബില്ല് / വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 2022-23 | കേരള വാട്ടർ അതോറ്റി | ലൈഫ് മിഷൻ ഫ്ലാറ്റി ന് കുടിവെള്ള സൗകര്യം ലഭ്യമാക്കൽ | P/36 31-12-2022& P44/22-2-2023 22-2-2023 | 2000000 | 1500000 | 500000 |

## 4-4 മൊബിലൈസോഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ തുകകളുടെ ആധികാരികത പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 29943932 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 27271859 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 411 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1080040 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 42658 | ശ്രീമതി.സവിത.എം, സെക്രട്ടറി, കടമ്പൂർ ഗ്രാമ പഞ്ചായത്ത് |
| 1-18 | 400000 | ശ്രീമതി.സവിത.എം, സെക്രട്ടറി, കടമ്പൂർഗ്രാമ പഞ്ചായത്ത് |
| 1-21 | 174456 | ശ്രീമതി.സവിത.എം, സെക്രട്ടറി, കടമ്പൂർഗ്രാമ പഞ്ചായത്ത് |
| 1-22 | 177000 | ശ്രീമതി.സവിത.എം, സെക്രട്ടറി, കടമ്പൂർഗ്രാമ പഞ്ചായത്ത് |
| 1-27 | 285926 | ശ്രീമതി.സവിത.എം, സെക്രട്ടറി, കടമ്പൂർഗ്രാമ പഞ്ചായത്ത് |
| ആകെ തുക | 1080040 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സവിത.എം,<br>സെക്രട്ടറി,<br>കടമ്പൂർ ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി,<br>കോട്ടയം ഗ്രാമ പഞ്ചായത്ത് | മേത്തട്ട മാപ്പുരക്കൽ പടിഞ്ഞിറ്റ് മുറി പി ഒ മമ്പറം<br>-670591 |
| ശ്രീമതി.ജ്ഞന കെ | ഐ.സി.ഡി.എസ്. | പുല്ലൻപുരയിൽ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | സൂപ്പർവൈസർ പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | ഹൗസ്, പി.ഒ പാതിരിയാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ എസ് എ /കെ എൻ ആർ/സി6/1317/2022 തീയതി 20.9.22 | 3 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി6/1317/2022 തീയതി 20.9.22 | 3 |
| 2008-09, 2009-10, 2010-11 | കെ എസ് എ /കെ എൻ ആർ/സി6/1317/2022 തീയതി 20.9.22 | 1 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി6/1317/2022 തീയതി 20.9.22 | 3 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി6/1317/2022 തീയതി 20.9.22 | 2 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി6/1317/2022 തീയതി 20.9.22 | 12 |
| 2020-21 | കെ.എസ്.എ./കെ.എൻ.ആർ./സി.6/500 /2021 തീയതി 27.6.2022 | 15 |
| 2021-22 | കെ.എസ്.എ./കെ.എൻ.ആർ./സി.6/1148/2022 തീയതി 7.10.2022 | 32 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/304/23 dated 13-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kadambur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kadambur Grama Panchayat for the year 2022-2023

Date: 05/10/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Kadambur Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1.The Ratios -mandatory financial statements prescribed in accounting rules is not submitted for audit

2.Details regarding B1 Shedule of Panchayat Fund in Balance Sheet was not made available for inspection.

(3) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4.Grant liability amount shown as liability in Balancesheet(CFC) does not match with Bank account opened for the specified grant account.

5.The excess amount recovered as housing loan is not recorded as a receivable asset in the balance sheet.
6.Following details not producedd for verification

6(1).The details of Amount payable to other creditors shown in B 9 schedule (Rs.1169153 ) is not available for verification.

6(2). Value Added Tax - dues to government is yet to be remitted

6(3).Documents to verify the correctness of value of assets and depreciations shown in annual financial statement were not made available for verification.

6(4).Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items

6(5).The balance amount of Property Tax does not match between the balance in the Sanchaya Software (37945) and the balance in the annual financial Statement(B-15) (39844) .
7.Updated Asset Register not made available for verification.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Kadambur Grama Panchayat RECEIPT & PAYMENT STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6625880.00 |
| Cash | Cash | RP-40(a) | 62122.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1248610.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 942502.00 |
| 150000000 | Sale & Hire Charges | RP-5 | 91156.00 |
| 151000000 | Receipts from Transferred Institutions | RP-6 | 2005.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9500000.00 |
| 171000000 | Interest Earned | RP-9 | 99473.00 |
| 190000000 | Prior Period Income | RP-11 | 7228.00 |
| 220000000 | Administrative Expenses | RP-13 | 4310.00 |
| 311000000 | Earmarked Funds | RP-28 | 821.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13030513.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4288105.00 |
| 460000000 | Loans, Advances and Deposits | RP-49 | 4000.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 10.00 |
| 340000000 | Deposits Received | RP-33 | 125195.00 |
| 350000000 | Other Liabilities | RP-35 | 599004.00 |
| | Grand total | | 36631934.00 |
| | PAYMENTS | | |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2500.00 |
| 220000000 | Administrative Expenses | RP-13 | 149340.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-45 | 673057.00 |
| 460000000 | Loans, Advances and Deposits | RP-49 | 149933.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 13432.00 |
| 350000000 | Other Liabilities | RP-35 | 26283597.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9312331.00 |
| Cash | Cash | RP-40(b) | 47744.00 |
| | Grand Total | | 36631934.00 |

## അനുബന്ധം-3-2
## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Kadambur Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5054690.00 |
| 120000000 | Assigned Revenues, Shared Taxes and | I-2 | 0.0 |

| | | | |
|---|---|---|---|
| | Compensations (BLOCKED) | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1000.00 |
| 140000000 | Fee & User Charges | I-4 | 1368488.00 |
| 150000000 | Sale & Hire Charges | I-5 | 91156.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 101107540.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 99473.00 |
| 180000000 | Other Income | I-9 | 20487.00 |
| 190000000 | Prior Period Income | I-19 | -16084.00 |
| | Total Income | | 107742834.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12516115.00 |
| 220000000 | Administrative Expenses | I-11 | 1044345.00 |
| 230000000 | Operations & Maintenance | I-12 | 1484111.00 |
| 240000000 | Interest & Finance Charges | I-13 | 2519.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3922897.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 19716395.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6299512.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 14181458.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 40649300.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 782342.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 7462212.00 |
| | Total Expenditure | | 108061206.00 |
| | Gross Surplus / Deficit of income over Expenditure | | -318372.00 |
| | Gross Surplus / Deficit of income over Expenditure | | -244556.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -89900.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 73816.00 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

Kadambur Grama Panchayat BALANCE SHEET
on 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -12000998.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 24287.00 |
| 312000000 | Reserves | B-3 | 31517966.00 |
| | Total Reserve & Surplus | | 19541255.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3949724.00 |
| | Total Grants, Contributions for Specific Purposes | | 3949724.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 756812.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2462335.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3219147.00 |
| | TOTAL LIABILITIES | | 26710126.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 4403414.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 57607.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11576810.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 54405013.00 |
| 416000000 | Accumulated Depreciation | B-11(a) | -59424579.00 |
| | Total Fixed Assets | | 11018265.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 1037592.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 9360075.00 |
| 460000000 | Loans, Advances and Deposits | B-18 | 5294194.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 15691861.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 26710126.00 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.